പിടികൂടി കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ ലേലം ചെയ്യാനുള്ള നടപടിയുമായി എറണാകുളം റൂറൽ ജില്ലാ പോലീസ്. പോലീസ്, ജിയോളജി, റവന്യൂ, മോട്ടോർ വെഹിക്കിൾ തുടങ്ങി വിവിധ ഡിപ്പാർട്ട്മെന്റുകൾ പിടികൂടി സ്റ്റേഷനുകളിലും പരിസരത്തും, ക്യാമ്പുകളിലും കസ്റ്റഡിയിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങളാണ് നടപടികൾ പൂർത്തിയാക്കി ലേലം ചെയ്യുന്നത്. വാഹനത്തിന്റെ രജിസ്ടേഡ് ഉടമസ്ഥർ ഒരു മാസത്തിനകം നിയമപരമായി വാഹനം എറ്റെടുക്കണമെന്ന് പോലീസ് അറിയിച്ചു. ഏറ്റെടുക്കുന്നില്ലെങ്കിൽ അത് വിസമ്മതമായി പരിഗണിച്ച് 56 കെ.പി ആക്ട് പ്രകാരം നടപടി സ്വീകരിക്കും. സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ സൃഷ്ടിക്കുന്ന ഗതാഗത - ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് പരാതി ഉയർന്നതിന്റെ അടിസ്ഥാനത്താലാണ് സത്വര നടപടിയെന്ന് ജില്ലാ പോലീസ് മേധാവി വിവേക് കുമാർ പറഞ്ഞു.